പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5265*** ***31.10.2016 ലെ മറുപടിക്ക്***

## ***നോർക്കയുടെ പ്രവർത്തനങ്ങൾ***

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. പിണറായി വിജയൻ ***(മുഖ്യമന്ത്രി)*** |
| (എ) നോർക്കയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി യുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) വിദേശരാജ്യങ്ങളിൽ ജോലി നോക്കുന്ന കേരളീയർ, തിരികെ എത്തിയവർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവർ, വിദേശത്തേക്ക് ജോലി തേടിപ്പോകുന്നവർ എന്നീ നാല്വ വിഭാഗക്കാർക്കായി നോർക്ക റൂട്ട്സ് ഒട്ടേറെ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ക്ഷേമ – പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. വിദേശത്തേയും ഇതര സംസ്ഥാനങ്ങളിലേയും മറുനാടൻ മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായും പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായും ധാരാളം പ്ലാൻ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മടങ്ങിയെത്തി നാട്ടിൽ സ്ഥിര താമസമാക്കിയ പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.<br><br>നോൺ പ്ലാൻ പദ്ധതികളായ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, പ്രവാസി തിരിച്ചറിയൽ കാർഡ് തുടങ്ങിയവയും വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഇവയെല്ലാം കാലാകാലങ്ങളിൽ വിശകലനം ചെയ്യുകയും വേണ്ടുന്ന മാറ്റങ്ങൾ വരുത്തി കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | സി. ഇ. ഒ.ആയി ഐ. എഫ്.എസ് ഉദ്യോഗസ്ഥനെ നിയോഗിക്കുമോ യെന്ന് അറിയിക്കുമോ ; | (ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | നോർക്കയുടെ ദില്ലി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിലെ ഓഫീസുകളിൽ കുറഞ്ഞത് പത്ത് ഉദ്യോഗസ്ഥരെയെങ്കിലും നിയമിക്കുമോ ; | (സി) നോർക്കയുടെ ദില്ലി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിലെ ഓഫീസുകളുടെ പ്രവർത്തനത്തിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം തന്നെ മതിയാകുന്നതാണ്. നോർക്ക റൂട്ട്സിന്റെ നിലവിലുള്ള സാമ്പത്തിക പരിമിതി കണക്കിലെടുത്ത് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്ന വിഷയം തല്ക്കാലം പരിഗണനയിലില്ല. |
| (ഡി) | ഇതര സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങളിലെ നോർക്കയുടെ ഓഫീസുകളിലേക്ക് അവിടെ സ്ഥിര താമസമാക്കിയ മലയാളി കുടുംബങ്ങളിൽനിന്ന് റിക്രൂട്ട്മെന്റ് നടത്തുമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ആയതിന് അപേക്ഷ ക്ഷണിക്കു മോയെന്ന് വ്യക്തമാക്കുമോ ? | (ഡി) നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ കേരളത്തിനു പുറത്തുള്ള മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുന്ന തിനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ചെന്നൈ, ബറോഡ, ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചത്. സർക്കാരിന്റെ നോർക്ക വകുപ്പിന്റെ പ്ലാൻ പദ്ധതിക ളെല്ലാംതന്നെ നോർക്ക റൂട്ട്സ് വഴി നടപ്പാക്കി വരുന്നതിനാലും, ആയതു വഴി സർക്കാർ പണം കൈകാര്യം ചെയ്യേണ്ടതിനാലും സർക്കാർ ചട്ടങ്ങൾക്ക് അനുസൃത മായി മാത്രമേ ഉദ്യോഗസ്ഥരെ ടി ഓഫീസുകളിൽ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. |

Shiju

സെക്ഷൻ ഓഫീസർ.